എ6/1459/2015-16

ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്
തീയതി : 12/10/2018

# ലേലപരസ്യം

പാലക്കാട് ഗവ. വിക്ടോറിയ കോളേജിലെ ഹിസ്റ്ററി/ഇക്കണോമിക്സ് വകുപ്പുകൾ സ്ഥിതി ചെയ്തിരുന്ന രണ്ടു നില ആർ.സി. കെട്ടിടം പൊളിച്ചുമാറ്റുന്നതിനായി 22/10/2018 –ാം തീയതി രാവിലെ 11 മണിക്ക് കോളേജ് പ്രിൻസിപ്പാളുടെ ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കായി കോളേജ് ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് ബന്ധപ്പെടുകയോ അല്ലെങ്കിൽ കോളേജിന്റെ വെബ് സൈറ്റായ www.victoriacollege.in സന്ദർശിക്കുകയോ ചെയ്യേണ്ടതാണ്. (ഫോ : 0491 2576773)

നിബന്ധനകൾ :

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം രാവിലെ 11 മണിക്ക് മുമ്പായി 10,000/- രൂപ നിരത ദ്രവ്യമായി കോളേജ് ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിയുടെ പേരിൽ ലേലം ഉറപ്പിക്കുന്നതാണ്.
2. ലേലം ഉറപ്പിക്കുന്ന വ്യക്തി അന്നേ ദിവസം തന്നെ മുഴുവൻ സംഖ്യയും കോളേജ് ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്.
3. ലേലത്തെ സംബന്ധിച്ച് കോളേജ് പ്രിൻസിപ്പാൾ എടുക്കുന്ന തീരുമാനം അന്തിമവും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.
4. ലേലം ഉറപ്പിക്കുന്ന വ്യക്തി ടിയാന്റെ സ്വന്തം ചെലവിൽ കെട്ടിടം പൊളിച്ചുമാറ്റേണ്ടതും കോളേജിന്റെ സ്ഥാവര ജംഗമ വസ്തുക്കൾക്ക് യാതൊരു വിധ കേടുപാടുകളും വരുത്താതെ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതുമാണ്.
5. ലേലം ഉറപ്പിച്ച തീയതി മുതൽ ഒരു മാസത്തിനകം പൊളിച്ചുമാറ്റൽ നടപടകൾ പൂർത്തീകരിക്കേണ്ടതാണ്.
6. കെട്ടിട അവശിഷ്ട സാമഗ്രികൾ ഒരു കാരണവശാലും കോളേജിൽ നിക്ഷേപിക്കരുത്.
7. കോളേജിലെ വിദ്യാർത്ഥികൾക്കോ, ജീവനക്കാർക്കോ മറ്റുള്ളവർക്കോ അപകടമുണ്ടാകാത്ത വിധത്തിലും കോളേജിന്റെ പ്രവർത്തനങ്ങളെ ബാധിക്കാതെയും മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിക്കാതെയും കെട്ടിടം പൊളിച്ചുമാറ്റേണ്ടതാണ്.
8. ലേലം ഉറപ്പിക്കുന്ന വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റായി 35,000/- രൂപ കോളേജ് ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതും പൊളിച്ചുമാറ്റുന്ന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി തുക തിരികെ നൽകുന്നതുമാണ്.
9. പ്രിൻസിപ്പാളുടെ അനുവാദത്തോടെ ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ടി കെട്ടിടം ഓഫീസ് സമയങ്ങളിൽ സന്ദർശിക്കാവുന്നതാണ്.

Sd/-

പ്രിൻസിപ്പാൾ

PRINCIPAL
GOVT. VICTORIA COLLEGE
PALAKKAD

പകർപ്പ് :

1. പബ്ലിക് റിലേഷൻസ് ഓഫീസ്, പാലക്കാട് (പ്രധാന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. കോളേജ് ഓഫീസ് നോട്ടീസ് ബോർഡ്
3. ഹോസ്റ്റൽ ഓഫീസ് നോട്ടീസ് ബോർഡ്
4. പൊതുമരാമത്ത് വകുപ്പ് നോട്ടീസ് ബോർഡ്
5. കലക്ടറേറ്റ് നോട്ടീസ് ബോർഡ്
6. മുനിസിപ്പാലിറ്റി നോട്ടീസ് ബോർഡ്
7. കരുതൽ ഫയൽ

GOVERNMENT VICTORIA COLLEGE, PALAKKAD
Date:..................

1465416

GOVERNMENT OF KERALA